പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1120.　　　　30.11.2018 ൽ മറുപടിയ്ക്ക്

## ബ്രൂവറികളും കോമ്പൗണ്ടിംഗ്-ബ്ലന്റിംഗ്-ബോട്ടിലിംഗ് യൂണിറ്റുകളും അനുവദിച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോജി എം.ജോൺ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അനിൽ അക്കര | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൂന്ന് ബ്രൂവറികൾക്കും രണ്ട് കോമ്പൗണ്ടിംഗ് - ബ്ലന്റിംഗ് - ബോട്ടിലിംഗ് യൂണിറ്റുകൾക്കും ഈ സർക്കാർ അനുമതി നൽകിയിരുന്നോ; അനുമതി പിന്നീട് റദ്ദ് ചെയ്തിരുന്നോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | നൽകിയിരുന്നു. എന്നാൽ 09/10/2018 തീയതിയിലെ സ.ഉ(സാധാ)നം.744/2018/നി.വ. പ്രകാരം പ്രസ്തുത അനുമതികൾ റദ്ദ് ചെയ്തിട്ടുണ്ട്. പ്രളയക്കെടുതിയെ തുടർന്ന് കേരള പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എല്ലാവരും യോജിച്ചു നിൽക്കേണ്ട ആവശ്യകത നിലനിൽക്കുമ്പോൾ, അടിസ്ഥാന രഹിതമായ വിവാദങ്ങളുയർത്തി യോജിച്ച അന്തരീക്ഷം ഇല്ലാതാക്കുവാൻ ശ്രമം നടന്ന സാഹചര്യത്തിലാണ് അനുമതി ഉത്തരവുകൾ റദ്ദ് ചെയ്തത്. |
| (ബി) | ബ്രൂവറികൾക്കും കോമ്പൗണ്ടിംഗ്-ബ്ലന്റിംഗ്- ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുമതി നൽകുന്നതിനുള്ള മാനദണ്ഡം തയ്യാറാക്കുവാൻ സർക്കാർ സമിതി രൂപീകരിച്ചിട്ടുണ്ടോ; ആരൊക്കെയാണ് ഈ സമിതിയിലെ അംഗങ്ങളെന്ന് അറിയിക്കുമോ; | (ബി) | 9/10/2018-ലെ സ.ഉ(സാധാ) നം.744/2018/നി.വ., 17/10/2018-ലെ സ.ഉ(സാധാ)നം.764/2018/നി.വ എന്നിവ പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്. നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയും, എക്സൈസ് കമ്മീഷണർ, നിയമ വകുപ്പ് സെക്രട്ടറി, ജോയിൻറ് എക്സൈസ് കമ്മീഷണർ (ഇ.സി.ആർ.ബി), നികുതി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി എന്നിവർ സമിതിയിലെ അംഗങ്ങളുമാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സമിതി മാനദണ്ഡങ്ങൾ നിശ്ചയിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | മാനദണ്ഡങ്ങൾ നിലവിലില്ലാത്ത സാഹചര്യത്തിൽ എന്ത് അടിസ്ഥാനത്തിലാണ് ഈ വർഷം മൂന്ന് ബ്രൂവറികൾക്കും രണ്ട് കോമ്പൗണ്ടിംഗ്-ബ്ലന്റിംഗ്-ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുമതി നൽകി ഉത്തരവായതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | നിലവിലെ ചട്ടങ്ങൾ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചാണ് അനുമതികൾ നൽകിയിട്ടുള്ളത്. അബ്കാരി ആക്ടിലെ സെക്ഷൻ 14 പ്രകാരം സർക്കാരിൽ അധിഷ്ഠിതമായിരിക്കുന്ന അധികാരമുപയോഗിച്ചും 1967-ലെ ബ്രൂവറി റൂളിലെ റൂൾ 2,3 എന്നീ റൂളുകളും 1975-ലെ ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ് ബ്ലെൻറിംഗ് & ബോട്ടിലിംഗ്) റൂളിലെ റൂൾ 3(1), 4(1) എന്നീ റൂളുകളിലെ നിബന്ധനകളുടെ അടിസ്ഥാനത്തിലുമാണ് മൂന്ന് ബ്രൂവറികൾക്കും രണ്ട് കോമ്പൗണ്ടിംഗ് ബ്ലെൻറിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്കും അനുവാദം നൽകിയത്. |
| (ഇ) | പ്രസ്തുത തീരുമാനത്തിൽ അഴിമതിയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. |

**സെക്ഷൻ ഓഫീസർ**